1998-99 - 4699.96 ലക്ഷം

1999-2000 - 3307.25 ലക്ഷം

(ഫെബ്രുവരി വരെ)

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കാവുന്ന ചെലവുകൾ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചിരുന്നു.

(സി) കോപ്പി ഇതോടൊപ്പം ചേർത്തിരിക്കുന്നു†

വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായമായി 1998-99-ൽ വിനിയോഗിച്ച തുക

118(1406)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായമായി 1998-99-ൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായമായി 1998-99-ൽ 4699.96 ലക്ഷം രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുകയുണ്ടായി.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

"കോഴിക്കോട് ജില്ലയിൽ ഉരുൾപൊട്ടൽ മൂലം നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം"

119 (1407)ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8.10.1999-ന് കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം അഭ്യർത്ഥിച്ചുകൊണ്ട് ഗവണ്മെന്റിന് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇവർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തുക നഷ്ടപരിഹാരമായി എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 29 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

20.	Operational cost of Ambulance Service, Mobile Medical Teams, temporary dispensaries, field sanitary engineering devices, essential medicines and medical equipments	- do -
21.	Cost of clearance of debris	- do -
22.	Cost of search and rescue measures	- do -
23.	Disposal of dead bodies/carcases	- do -
24.	Post disaster public education	- do -
25.	Cost of seed reserve build up by State Seed Corporation for contingency planning	- do -
26.	Improvement to the flood control amenities as a preparatory measures	- do -

---

അനുബന്ധം-X

3-3-2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 118 (1406) ദയവായി കാണുക

വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായമായി 1998-99-ൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക, ജില്ല തിരിച്ചുള്ള കണക്കുകൾ.

		(രൂപ ലക്ഷത്തിൽ)
1.	തിരുവനന്തപുരം	504.77
2.	കൊല്ലം	419.03
3.	പത്തനംതിട്ട	253.29
4.	ആലപ്പുഴ	420.20
5.	ഇടുക്കി	300.88
6.	കോട്ടയം	443.78
7.	എറണാകുളം	440.73
8.	തൃശ്ശൂർ	423.22
9.	പാലക്കാട്	445.78
10.	മലപ്പുറം	281.88
11.	കോഴിക്കോട്	238.82
12.	വയനാട്	106.49
13.	കണ്ണൂർ	202.25
14.	കാസർഗോഡ്	218.84
		4699.96

LIBRARY ARCHIVES Kerala Legislative Assembly